◆

കെ.എം

# ലാൽ മസ്ജിദിൽ സംഭവിച്ചത്

**ഒടുവിൽ** ഇസ്‌ലാമാബാദിലെ ലാൽ മസ്ജിദിലേക്ക് സൈന്യം ഇരച്ചുകയറി. പാക് സുരക്ഷാ സൈനികരുമായുള്ള ഏറ്റുമുട്ടലിന് ഒരാഴ്ചയിലധികമായി നേതൃത്വം നൽകിവന്നിരുന്ന അബ്ദുർ റശീദ് ഗാസിയും അദ്ദേഹത്തിന്റെ പ്രായം ചെന്ന മാതാവുമടക്കം നൂറോളം പേർ വധിക്കപ്പെട്ടു. കഴിഞ്ഞ ദിവസങ്ങളിൽ നടന്ന വെടിവെപ്പിൽ ലാൽ മസ്ജിദിനു കീഴിലുള്ള ജാമിഅ ഫരീദിയ്യയിൽ പഠിക്കുന്ന നിരവധി വിദ്യാർഥികൾക്കും പാക് സൈനികർക്കും ജീവഹാനി സംഭവിച്ചിരുന്നു.

ഗാസി വിഭാഗവും ഗവൺമെന്റ് നിയോഗിച്ച പ്രതിനിധി സംഘവും ഒത്തുതീർപ്പിലേക്ക് നീങ്ങുന്നു എന്ന് ഏറക്കുറെ ഉറപ്പായ ഘട്ടത്തിൽ അപ്രതീക്ഷിതമായാണ് സൈനിക ഓപ്പറേഷൻ. "നിരവധി നിരപരാധികളുടെ മരണത്തിന് ഇടയാക്കിയ ഈ നടപടിയുടെ പൂർണ ഉത്തരവാദിത്വം ഗവൺമെന്റിനാണ്"- ഗാസിയുമായി സന്ധിസംഭാഷണത്തിനായി ഗവൺമെന്റ് നിയോഗിച്ച പണ്ഡിത സംഘത്തിന്റെ ഉപാധ്യക്ഷൻ ഖാരി ഹനീഫ് ജലന്ദരി പറഞ്ഞു. പാകിസ്താനിലെ ഗ്രാന്റ് മുഫ്തി റാഫി ഉസ്മാനിയും പണ്ഡിതസംഘത്തിലുണ്ടായിരുന്നു. "ഗാസിയെ അദ്ദേഹത്തിന്റെ സ്വന്തം നാട്ടിലേക്ക് കൊണ്ടുപോയി അവിടത്തെ കോടതിയിൽ വിചാരണ ചെയ്യുക, ലാൽ മസ്ജിദിന്റെയും ഫരീദിയ്യ, ഹഫ്സ എന്നീ മത സ്ഥാപനങ്ങളുടെയും നടത്തിപ്പ് ദയൂബന്ദി മതസ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന വിഫാഖുൽ മദാരിസിൽ അറബിയ്യ എന്ന ട്രസ്റ്റിലേക്ക് മാറ്റുക തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമായി കഴിഞ്ഞിരുന്നു. മസ്ജിദിൽ ഒളിച്ചിരിക്കുന്നവരെ വിട്ടുകിട്ടുന്ന കാര്യത്തിൽ നേരത്തേ ഉണ്ടാക്കിയ ധാരണയിൽനിന്ന് ഗവൺമെന്റ് പൊടുന്നനെ പിൻവാങ്ങുകയും ഓപ്പറേഷൻ ആരംഭിക്കുകയുമായിരുന്നു."

ലാൽ മസ്ജിദ് വെടിവെപ്പിന്റെ പിന്നാമ്പുറ കഥകളിലേക്ക് പോകാൻ മീഡിയക്ക് യാതൊരു താൽപര്യവുമുണ്ടായിരുന്നില്ല. അട്ടിയിട്ട മണൽചാക്കുകൾക്ക് പിറകിലിരുന്ന് കലാഷ്നിക്കോവ് തോക്കുകളുമായി ഉന്നം വെക്കുന്ന ജാമിഅ ഫരീദിയ്യയിലെ വിദ്യാർഥികൾ, താലിബാനിസത്തിനെതിരെ ആഞ്ഞടിക്കാൻ മീഡിയക്ക് വേണ്ടുവോളം വിഭവങ്ങൾ ഒരുക്കിക്കൊടുത്തിരുന്നു.

ഇസ്‌ലാമാബാദിന്റെ ഹൃദയഭാഗത്തുള്ള ലാൽ മസ്ജിദും അതിന്റെ കീഴിലുള്ള മതപാഠശാലകളായ ജാമിഅ ഫരീദിയ്യ (ആൺകുട്ടികൾ)യും ജാമിഅ ഹഫ്സ(പെൺകുട്ടികൾ)യും നിയന്ത്രിക്കുന്നത് ദയൂബന്ദ് ചിന്താഗതിക്കാരാണ്. ഗാസി സഹോദരന്മാരായ അബ്ദുർറശീദ് ഗാസി, അബ്ദുൽ അസീസ് ഗാസി എന്നിവരാണ് സ്ഥാപനത്തിന്റെ സാരഥികൾ. മുമ്പ് അവരുടെ പിതാവ് അബ്ദുല്ലയായിരുന്നു ഈ സ്ഥാപനങ്ങളുടെ മേൽനോട്ടക്കാരൻ. തെക്കൻ പഞ്ചാബിലെ ദേറാ ഗാസിഖാൻ ജില്ലയിലെ റോജഹാൻ ഗ്രാമമാണ് അദ്ദേഹത്തിന്റെ സ്വദേശം. ബലൂച് വംശജനായ മസാരി ഗോത്രക്കാരനാണ്. തൊള്ളായിരത്തി അറുപതുകളിലാണ് ഇദ്ദേഹം ലാൽ മസ്ജിദ് സ്ഥാപിച്ചത്. മുൻ സൈനിക മേധാവി സിയാഉൽ ഹഖുമായി അദ്ദേഹം നല്ല ബന്ധം നിലനിർത്തി. രാഷ്ട്രീയക്കാരും ഉയർന്ന ഉദ്യോഗസ്ഥന്മാരും ലാൽ മസ്ജിദിലെ നിത്യസന്ദർശകരായിരുന്നു. 1998-ൽ പള്ളി അങ്കണത്തിൽ വെച്ച് അബ്ദുല്ല വധിക്കപ്പെട്ടു. ഈ സംഭവം മകൻ അബ്ദുർറശീദ് ഗാസിയുടെ ജീവിതത്തിൽ വലിയ വഴിത്തിരിവ് സൃഷ്ടിച്ചു. ചരിത്രം, അന്താരാഷ്ട്ര ബന്ധങ്ങൾ എന്നീ വിഷയങ്ങളിൽ ഇസ്‌ലാമാബാദിലെ ഖാഇദെ അഅ്സം യൂനിവേഴ്സിറ്റിയിൽനിന്ന് ബിരുദമെടുത്ത ശേഷം ഗവൺമെന്റ് ജോലിയുമായി കഴിയുകയായിരുന്നു അബ്ദുർറശീദ്. മതവേദികളിൽ അദ്ദേഹം പ്രത്യക്ഷപ്പെടാറുണ്ടായിരുന്നില്ല.

പിതാവിന്റെ മരണത്തോടെ അബ്ദുർറശീദ് ലാൽ മസ്ജിദിന്റെ കാര്യങ്ങളിൽ സജീവമായി ഇടപെട്ടുതുടങ്ങി. മൂത്ത സഹോദരൻ അബ്ദുൽ അസീസ് അപ്പോൾ ലാൽ മസ്ജിദിലെ ഇമാമായിരുന്നു. അദ്ദേഹം തന്റെ സഹോദരനെ പള്ളിയുടെ അസി. ഇമാമും പിന്തുടർച്ചക്കാരനുമായി നിശ്ചയിച്ചു.

2001-ലാണ് അബ്ദുർറശീദ് പൊതുരംഗത്ത് അറിയപ്പെടുന്നത്. അമേരിക്കയുടെ അഫ്ഗാൻ അധിനിവേശത്തിനെതിരെ മതകക്ഷികളുടെ ഒരു കൂട്ടായ്മ രൂപീകരിച്ചപ്പോൾ അദ്ദേഹം അതിന്റെ മുൻനിരയിലുണ്ടായിരുന്നു. ഇവിടം മുതൽ പ്രസിഡന്റ് മുശർറഫുമായി ഗാസി സഹോദരന്മാർ അകലാൻ തുടങ്ങിയിരുന്നു. 2004-ൽ താലിബാൻ പോരാളികളെ തുരത്താനെന്ന പേരിൽ പാക് സൈന്യം വടക്കൻ ഗോത്രമേഖലകളിൽ നടത്തിയ അതിക്രമങ്ങളെ മറ്റു മതനേതാക്കളെപ്പോലെ അബ്ദുർറശീദും കടുത്ത ഭാഷയിൽ അപലപിച്ചിരുന്നു. മുശർറഫ്‌വിരുദ്ധ സമരത്തിന്റെ കേന്ദ്രങ്ങളിലൊന്നായി അദ്ദേഹം ലാൽ മസ്ജിദിനെ മാറ്റുകയും ചെയ്തു. തനിക്കെതിരെ നടന്ന വധശ്രമങ്ങളിൽ അബ്ദുർറശീദ് ഗാസിക്ക് പങ്കുണ്ടെന്ന് മുശർറഫ് സംശയിച്ചുതുടങ്ങി. അപ്പോഴേക്കും താലിബാനെ ഒളിത്താവളങ്ങളിൽ സംരക്ഷിക്കുന്നത് ഗാസിയാണെന്ന ആരോപണവും ശക്തിപ്പെട്ടു. ഇതാണ് ലാൽ മസ്ജിദിനെതിരെയുള്ള സൈനികനീക്കത്തിന് പ്രത്യക്ഷ കാരണം.

മുശർറഫ് ഏറ്റവും വലിയ രാഷ്ട്രീയ പ്രതിസന്ധി നേരിടുന്ന സന്ദർഭത്തിലാണ് ലാൽ മസ്ജിദ് വെടിവെപ്പ് എന്നതും യാദൃഛികമാവാനിടയില്ല. നിരവധി വിദ്യാർഥികളെ കുരുതികൊടുത്ത് ഇരുവിഭാഗവും ചേർന്ന് ആടിയ നാടകമാണോ ഇത്? ഏറ്റവും വലിയ പ്രതിപക്ഷ സഖ്യമായ മുത്തഹിദ മജ്‌ലിസെ അമലി(എം.എം.എ)ന്റെ അധ്യക്ഷൻ ഖാദി ഹുസൈൻ അഹ്മദ് ലണ്ടനിൽ നടത്തിയ പ്രസ്താവനയിൽ, മുശർറഫിന്റെ മുഖം രക്ഷിക്കാനുള്ള നടപടിയായാണ് ഇതിനെ വിശേഷിപ്പിച്ചത്.

ഇസ്‌ലാം സ്വീകരിച്ച പത്രപ്രവർത്തക ഇവോൺ റിഡ്‌ലി കുറച്ചു മുമ്പ് Feminists and the Porn Industry എന്ന പേരിൽ അവരുടെ സൈറ്റിൽ ഒരു ലേഖനമെഴുതിയിരുന്നു (www.yvonneridley.org). പാകിസ്താനി

ലെ അതിര്‍ത്തി സംസ്ഥാനത്തും മറ്റു ഗോത്രമേഖലകളിലും വന്‍തോതില്‍ അശ്ലീല കാസറ്റുകളും സീഡികളും വിറ്റഴിക്കപ്പെടുകയാണ്. പെണ്‍കുട്ടികളെ തട്ടിക്കൊണ്ടുപോയി വേശ്യാലയങ്ങള്‍ നടത്തുന്ന പെണ്‍വാണിഭക്കാരും തകര്‍ത്താടുന്നു. എല്ലാറ്റിനും ഭരണകൂടത്തിന്റെ മൗനസമ്മതം. മാനം പിച്ചിച്ചീന്തപ്പെടുന്ന ഈ പെണ്‍കുട്ടികള്‍ക്കു വേണ്ടി ഫെമിനിസ്റ്റുകള്‍ എന്തുകൊണ്ട് മിണ്ടുന്നില്ല? ഇവോണ്‍ റിഡ്‌ലി ചോദിച്ചു. ഈ ചോദ്യത്തിന് മറ്റൊരു പശ്ചാത്തലമുണ്ട്. ശല്യം സഹിക്കവയ്യാതായപ്പോള്‍ ജാമിഅ ഹഫ്‌സയിലെ വിദ്യാര്‍ഥിനികള്‍ ഒരു വേശ്യാലയ നടത്തിപ്പുകാരനെ തട്ടിക്കൊണ്ടുപോയി 'കൈകാര്യം' ചെയ്തിരുന്നു. പെണ്‍കുട്ടികളുടെ ഈ ധീര പ്രവൃത്തിയെ അഭിനന്ദിക്കുന്നതിനു പകരം 'താലിബാനിസം വരുന്നേ' എന്ന് വിളിച്ചാര്‍ക്കുകയാണ് ഫെമിനിസ്റ്റുകളെന്ന് റിഡ്‌ലി പരിഹസിച്ചു (ഇവിടെനിന്നും കണ്ടെടുക്കപ്പെട്ട അശ്ലീല സി.ഡികള്‍ യൂറോപ്പിലെ ചുവന്ന തെരുവുകളില്‍ പോലും വില്‍പനക്ക് വെക്കുകയില്ലെന്ന് റിഡ്‌ലി).

ഇതിന്റെ തുടര്‍ച്ചയാണ് ആറ് ചൈനീസ് വനിതകളെ തട്ടിക്കൊണ്ടുപോയ സംഭവം. വ്യഭിചാരവും മറ്റു അധാര്‍മിക പ്രവൃത്തികളും തടയുന്നതില്‍ ഗവണ്‍മെന്റ് കാണിക്കുന്ന ഉദാസീനതയില്‍ പ്രതിഷേധിച്ച് ഈ വിഭാഗം നിയമം കൈയിലെടുക്കുകയായിരുന്നു. കഴിഞ്ഞ ഏപ്രില്‍ രണ്ട് മുതല്‍ തങ്ങള്‍ സ്വയം ശരീഅത്ത് നിയമം നടപ്പാക്കുമെന്നും അവര്‍ പ്രഖ്യാപിച്ചു. സംഘര്‍ഷാവസ്ഥ രൂപപ്പെട്ടെങ്കിലും ഗവണ്‍മെന്റ് ഇടപെട്ട് മാധ്യസ്ഥ ചര്‍ച്ചകളിലൂടെ ചൈനീസ് വനിതകളെ മോചിപ്പിച്ചു. ഇതു കഴിഞ്ഞ ഉടനെയാണ് ലാല്‍ മസ്ജിദ് സുരക്ഷാസേന ഉപരോധിച്ചതും ഏറ്റുമുട്ടല്‍ നടന്നതും. ഇത് ദുരൂഹത വര്‍ധിപ്പിക്കുന്നു.

ഇസ്‌ലാമാബാദില്‍ *ഇസ്‌ലാം ഓണ്‍ലൈനി*ന്റെ പ്രതിനിധി **ആമിര്‍ ലത്വീഫ്** വിരല്‍ചൂണ്ടുന്നതും ചില പിന്നാമ്പുറ നാടകങ്ങളിലേക്കാണ്. ഓണ്‍ലൈന്‍ സന്ദര്‍ശകരുടെ ചോദ്യങ്ങള്‍ക്ക് അദ്ദേഹം നല്‍കിയ മറുപടികള്‍.

ചോ: എന്താണ് പാകിസ്താനില്‍ നടക്കുന്നത്?

ഉ: സമര്‍ഥമായ ഒരു രാഷ്ട്രീയക്കളി. മുശര്‍റഫ് ഭരണകൂടത്തിന്റെ മുഖം രക്ഷിക്കുകയും ജനശ്രദ്ധ തിരിച്ചുവിടുകയുമാണ് അതിന്റെ ലക്ഷ്യം. മുശര്‍റഫ് ലാല്‍ മസ്ജിദിലെ രണ്ട് ഗാസി സഹോദരന്മാരുടെ സഹായത്തോടെ അമേരിക്കക്ക് ശക്തമായ ഒരു സന്ദേശം നല്‍കിയിരിക്കുകയാണ്- തീവ്രവാദികളെ നിലക്ക് നിര്‍ത്തണോ, എങ്കില്‍ ഞാന്‍ തന്നെ വീണ്ടും പ്രസിഡന്റാവണം! ഗാസി സഹോദരന്മാര്‍ അവതരിപ്പിക്കുന്ന തരം ഇസ്‌ലാമിനെ ബഹുഭൂരിപക്ഷം ജനങ്ങളും അംഗീകരിക്കുന്നുമില്ല.

ചോ: ഇസ്‌ലാമിന്റെ പേരില്‍ എന്തിനാണ് ഈ കളി?

ഉ: ഈ ചോദ്യത്തിന് യോഗ്യരായ ഇസ്‌ലാമിക പണ്ഡിതര്‍ മറുപടി പറയട്ടെ. എല്ലാ അറിയപ്പെടുന്ന മുസ്‌ലിം പണ്ഡിതന്മാരും ഗാസി സഹോദരന്മാരുടെ ചില ഉസ്താദുമാര്‍ തന്നെയും ഇതിനെതിരെ രംഗത്തു വന്നിട്ടുണ്ട്.

ചോ: മുശര്‍റഫിന് ഇനിയും പ്രസിഡന്റാകാമോ എന്ന കാര്യത്തില്‍ സുപ്രീം കോടതിയിലെ ഭരണഘടനാ ബെഞ്ച് വിധി പറയാനിരിക്കുമ്പോഴാണല്ലോ ലാല്‍ മസ്ജിദ് സംഭവം...

ഉ: മീഡിയ പറയുന്ന തരത്തിലൊന്നുമല്ല കാര്യങ്ങള്‍. താങ്കള്‍ പറഞ്ഞതാണ് ശരി. മുശര്‍റഫ് ഭരണകൂടത്തിന്റെ മുഖം രക്ഷിക്കാന്‍ ചില രാഷ്ട്രീയക്കാര്‍ ആസൂത്രണം ചെയ്ത നാടകമാണിത്.

ചോ: സംഭവത്തെത്തുടര്‍ന്ന് വളരെ മോശമായ പ്രതിഛായയാണ് ഇസ്‌ലാമിനെക്കുറിച്ച് ഉണ്ടായിരിക്കുന്നത്. ജനാധിപത്യവും തെരഞ്ഞെടുപ്പു പ്രക്രിയകളുമെല്ലാം അനിസ്‌ലാമികമാണെന്ന് അബ്ദുര്‍റശീദ് ഗാസി ഒരു പത്രത്തില്‍ എഴുതുകയുണ്ടായല്ലോ. ഇത് പാകിസ്താനിലെ ഇസ്‌ലാമിക പ്രതിപക്ഷ സഖ്യമായ എം.എം.എയെക്കുറിച്ച് തെറ്റുധാരണകള്‍ പ്രചരിപ്പിക്കപ്പെടാന്‍ ഇടയാവില്ലേ?

ഉ: ഗാസി സഹോദരന്മാരും ഭരണകൂടവും തമ്മില്‍ നീണ്ടകാലത്തെ ബന്ധമുണ്ട്. ലാല്‍ മസ്ജിദ് പ്രശ്നം വന്നപ്പോള്‍ ഭരണത്തിലുള്ളവര്‍ തന്നെ രണ്ട് വിഭാഗമായി. ഒരു വിഭാഗം ഗാസി സഹോദരന്മാരെ തുടക്കത്തിലേ പിന്തുണച്ചു. എന്തും ചെയ്തുകൊള്ളാനുള്ള അനുവാദം കൊടുത്തു. അവര്‍ക്കെതിരെ നടപടിയൊന്നും ഉണ്ടാകില്ലെന്നും ഉറപ്പു കൊടുത്തിരുന്നു. ഈ കണക്കുകൂട്ടലുകള്‍ പാളിയതാണ് ഏറ്റുമുട്ടലിന് കാരണം.

പാക് സമൂഹത്തെയും മതകീയ ശക്തികളെയും തമ്മില്‍ അകറ്റുക എന്നൊരു തന്ത്രം കൂടി ഇതിനു പിന്നിലുണ്ട്. എം.എം.എ നേതൃത്വം തുടക്കത്തിലേ ഈ നാടകത്തില്‍നിന്ന് പരമാവധി അകന്നുനില്‍ക്കാന്‍ ശ്രമിച്ചിരുന്നു. പക്ഷേ, അത് വേണ്ടപോലെ വിജയിച്ചതായി തോന്നുന്നില്ല.

ചോ: നടന്ന സംഭവങ്ങളെ ഒന്ന് വിശകലനം ചെയ്യാമോ?

ഉ: ശരീഅത്ത് നടപ്പാക്കുന്നതിനെക്കുറിച്ച ഗാസി സഹോദരന്മാരുടെ തെറ്റുധാരണകളാണ് ഏറ്റുമുട്ടലിന് വഴിവെച്ച ഒരു കാരണം. പ്രശ്നം ഭരണകൂടം മോശമായ രീതിയില്‍ കൈകാര്യം ചെയ്തു എന്നത് രണ്ടാമത്തെ കാരണം. ഇസ്‌ലാമാബാദിലെ ഏഴു പള്ളികള്‍ ചട്ടങ്ങള്‍ക്ക് വിരുദ്ധമായി നിര്‍മിച്ചതാണ് എന്ന ന്യായത്തില്‍ ഗവണ്‍മെന്റ് പൊളിച്ചു നീക്കിയതാണ് പ്രശ്നങ്ങളുടെ തുടക്കം. ഒടുവില്‍ ഗവണ്‍മെന്റ് പള്ളികള്‍ പുനര്‍നിര്‍മിച്ചു കൊടുക്കാമെന്ന് സമ്മതിച്ചു. ഗവണ്‍മെന്റും ലാല്‍ മസ്ജിദ് ഭാരവാഹികളും ഒരു ധാരണയില്‍ എത്തി. ഇതിനിടക്ക് ആരൊക്കെയോ ഉള്ളില്‍നിന്ന് കളിച്ചു.

ലാല്‍ പള്ളി ഭാരവാഹികള്‍ അവര്‍ ഉന്നയിച്ച ആവശ്യങ്ങള്‍ പൊടുന്നനെ മാറ്റുന്നതാണ് പിന്നീട് കണ്ടത്. ഉടന്‍ ശരീഅത്ത് നടപ്പാക്കണമെന്നായി അവരുടെ ആവശ്യം. വ്യഭിചാരക്കുറ്റവും മറ്റും ചുമത്തി അവര്‍ ചില സിവിലിയന്മാരെയും സുരക്ഷാ സൈനികരെയും പിടികൂടി. പിന്നീട് വിട്ടയച്ചു.

ഗാസി സഹോദരന്മാര്‍ തങ്ങള്‍ക്ക് ശരീഅത്ത് നടപ്പാക്കാന്‍ പ്രത്യേക 'ദൈവികാജ്ഞ' ലഭിച്ചതായി പറയാറുണ്ടായിരുന്നുവത്രെ. അവര്‍ വിദ്യാര്‍ഥികളെ വഴിതെറ്റിച്ചു. അതേ എന്നു പറയുകയല്ലാതെ വിദ്യാര്‍ഥികള്‍ക്ക് മറ്റു മാര്‍ഗങ്ങളുണ്ടായിരുന്നില്ല. അങ്ങനെയാണ് രക്തച്ചൊരിച്ചില്‍ തുടങ്ങിയത്. ■